# കേരള കലാമണ്ഡലം
(കല്പിതസർവകലാശാല)


നം.കെ.കെ.എം.ഡി.യു./ഇ-1/890/2020

തീയതി: 24/08/2020

## അറിയിപ്പ്

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിലെ എം.എ. രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളും എം.ഫിൽ ഒന്നാം സെമസ്റ്റർ & പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷകൾ 2020 സെപ്തംബർ 14 മുതൽ ആരംഭിക്കുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മേൽ പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യാർഥികളിൽ കലാമണ്ഡലം ഹോസ്റ്റലിൽ താമസിക്കുന്നവർ സെപ്തംബർ 5-ാം തീയതിക്ക് മുമ്പായി ഹോസ്റ്റലിൽ പ്രവേശിക്കേണ്ടതാണ്. ഇവർക്ക് പരീക്ഷ കഴിഞ്ഞതിനുശേഷം മാത്രമേ ഹോസ്റ്റലിൽ നിന്ന് പുറത്തുപോകുവാൻ അനുമതി ലഭിക്കുകയുള്ളൂ. മാത്രമല്ല ആരോഗ്യവക്കുപ്പ് നിർദ്ദേശിക്കുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ഹോസ്റ്റലിൽ താമസിച്ച് പരീക്ഷ എഴുതുവാൻ കഴിയുകയുള്ളൂ എന്നും അറിയിക്കുന്നു.

പുറത്തുനിന്ന് വന്ന് പരീക്ഷ എഴുതുന്ന വിദ്യാർഥികൾ പരീക്ഷയ്ക്ക് ഒരു മണിക്കൂർ മുമ്പ് കലാമണ്ഡലത്തിൽ പ്രവേശിക്കേണ്ടതും, പരീക്ഷ കഴിഞ്ഞാൽ ഉടൻ തന്നെ പുറത്തുപോകേണ്ടതുമാണ്. കൂടാതെ ആരോഗ്യവക്കുപ്പ് നിർദ്ദേശിക്കുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ പരീക്ഷ എഴുതുവാൻ കഴിയുകയുള്ളൂ. പരീക്ഷ എഴുതുന്ന വിദ്യാർഥികൾ മാസ്ക് നിർബന്ധമായി ധരിച്ചിരിക്കേണ്ടതും, പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന പെൻ, പെൻസിൽ തുടങ്ങിയവ കൈമാറ്റം ചെയ്യാൻ പാടുള്ളതുമല്ല.

രജിസ്ട്രാർ
കേരള കലാമണ്ഡലം

Kerala Kalamandalam Deemed University for Art & Culture
CHERUTHURUTHY
Date.................